സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാ ആഫീസർ ആയി ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിരുന്ന റിട്ടയേർഡ് ഡിസ്ട്രിക്റ്റ് ജഡ്ജ് ശ്രീ. കെ. എ. രാജമോഹനൻ -ന്റെ സേവനം അവസാനിപ്പിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 11371/18/Est-1** നന്തൻകോട്, **27/06/2019**

---

പരാമർശം :-
1) DBA 12/2018-ൽ ബഹു:ഹൈക്കോടതിയുടെ 24-10-2018 ലെ ഉത്തരവ്
2) 31-10-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) ലാ ആഫീസറുടെ 21-06-2019 ലെ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ലാ ആഫീസറായി റിട്ടയേർഡ് ഡിസ്ട്രിക്റ്റ് ജഡ്ജ് ശ്രീ. കെ. എ. രാജമോഹനൻ (Kallolithadathil House, Thadiyoor. P.O, Mallappally Taluk, Pathanamthitta – 689 545) -നെ ഒരു വർഷത്തേക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിയോട് കൂടി ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിരുന്നു (പരാമർശം -2).

ചികിത്സാ സംബന്ധമായി 04-06-2019 മുതൽ 21-06-2019 വരെ ആഫീസിൽ ഹാജരാകാൻ സാധിച്ചില്ലായെന്നും 24-06-2019 മുതൽ 12-07-2019 വരെ തുടർന്നും അവധി ആവശ്യമാണെന്നും വിവരിച്ച് ലാ ആഫീസറുടെ കത്ത് ലഭിച്ചു (പരാമർശം -3).

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് അനവധി കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതും, ആയവ സംബന്ധിച്ച് ആവശ്യമായ നിയമോപദേശം യഥാസമയം ലഭ്യമാക്കുന്നതിന് ലാ ആഫീസറുടെ സേവനം അത്യന്താപേക്ഷിതവുമാണ്. നിലവിലെ ലാ ആഫീസർ ചികിത്സാ സംബന്ധമായും മറ്റും നിരന്തരം അവധിയിൽ പ്രവേശിക്കുന്നത് ഫയൽ നടപടികൾ വൈകിക്കുന്നതിന് ഇടയാക്കുന്നതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടു.

*(മറുപുറം)*

EDP.

ഈ സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാ ആഫീസറായി ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ശ്രീ. കെ.എ.രാജമോഹനൻ -ന്റെ സേവനം 30-06-2019 പ്രാബല്യത്തിൽ അവസാനിപ്പിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

Sri. K.A. Rajamohanan,
Rtd. District Judge,
Kallolithadathil House,
Thadiyoor. P.O, Mallappally Taluk,
Pathanamthitta – 689 545

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
6. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
7. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
8. ലാ ആഫീസർ
9. ലെയ്സൺ ആഫീസർ
10. അക്കൗണ്ട്സ് സെക്ഷൻ, ബോർഡ് ആഫീസ്
11. ഇ.ഡി.പി. സെക്ഷൻ
12. സെക്ഷൻ ഫയൽ
13. ഫയൽ ബുക്ക്
14. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Regina

അസിസ്റ്റന്റ് സെക്രട്ടറി

SK